**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2170** **21-06-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ പിന്നോക്കാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരെ ലഭ്യമാക്കുന്നതിനും മരുന്ന് ലഭ്യത ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട് നിയോജകമണ്ഡലം പരിധിയിൽ വരുന്ന വീയപുരം, രാമങ്കരി, തലവടി, കാവാലം, തകഴി, നീലംപേരൂർ എന്നീ ആരോഗ്യകേന്ദ്രങ്ങളിൽ ഒരു മെഡിക്കൽ ഓഫീസറിനെയും ഒരു നഴ്സിംഗ് ഓഫീസറിനെയും അധികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ അതാത് തദ്ദേശ സ്ഥാപനങ്ങൾക്കു ഒരു മെഡിക്കൽ ഓഫീസറിനെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ സാധിക്കുന്നതാണ്. എൻ.എച്ച് എം ൽ നിന്നും കുട്ടനാട് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഉള്ള ആരോഗ്യ സ്ഥാപനങ്ങളിലേക്കായി 2 മെഡിക്കൽ ഓഫീസർമാർ, 4 നഴ്സിംഗ് ഓഫീസർമാർ, 8 RBSK നഴ്സുമാർ, 3 ഫിസിയോതെറാപിസ്റ്റ്, 3 ഫാർമസിസ്റ്റ്, 3 ലാബ് ടെക്നിഷ്യൻ, 1 AFHC കൗൺസിലർ, 58 MLSP മാർ, 3 പി ആർ ഒ -മാർ, 1 ഡി ഇ ഒ എന്നിവരെ നിയമിച്ചിട്ടുണ്ട്. ചമ്പക്കുളം സി എച്ച് സി യെ ബ്ലോക്ക് എഫ് എച്ച് സി ആയി ഉയർത്തുവാൻ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു എപിഡമോളജിസ്റ്റ്, ലാബ് ടെക്നിഷ്യൻ, ഡി ഇ ഒ എന്നീ തസ്തികകളിൽ ഉടൻ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ KMSCL വഴി മുടക്കം കൂടാതെ ലഭ്യമാക്കി വിതരണം ചെയ്യുന്നുണ്ട്. KMSCL ൽ ലഭ്യമല്ലാത്തവ Local purchase വഴി വാങ്ങി വിതരണം ചെയ്യുന്നതിന് അനുമതി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിർമാണ പുരോഗതി |
|---|---|---|
| 1 . | കുടുംബാരോഗ്യ കേന്ദ്രം വീയപുരം | നിർമാണം പൂർത്തീകരിച്ചു |
| 2. | കുടുംബാരോഗ്യ കേന്ദ്രം രാമങ്കരി | നിർമാണം പൂർത്തീകരിച്ചു |
| 3. | കുടുംബാരോഗ്യ കേന്ദ്രം തലവടി | നിർമാണത്തിനായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നുണ്ട് |
| 4. | കുടുംബാരോഗ്യ കേന്ദ്രം കാവാലം | 70 % നിർമാണം പൂർത്തീകരിച്ചു . നിർമാണം പുരോഗമിക്കുന്നു |
| 5. | കുടുംബാരോഗ്യ കേന്ദ്രം തകഴി | 25 % നിർമാണം പൂർത്തീകരിച്ചു . നിർമാണം പുരോഗമിക്കുന്നു |
| 6. | കുടുംബാരോഗ്യ കേന്ദ്രം നീലംപേരൂർ | 40 % നിർമാണം പൂർത്തീകരിച്ചു . നിർമാണം പുരോഗമിക്കുന്നു |
| 7. | പ്രാഥമിക ആരോഗ്യ കേന്ദ്രം മുട്ടാർ | 2019–20 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രത്തിനു 15.50 ലക്ഷം രൂപ അനുവദിച്ചു. നിലവിലുള്ള കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്തുവാൻ സാധിച്ചിരുന്നില്ല . നിലവിൽ പുതിയ കെട്ടിടത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ലിസ്റ്റിൽ ഉൾപെടുത്തിയിട്ടുണ്ട് |
| 8. | പി.എച്ച് .സി കുപ്പപ്പുറം | 2018 –19 കുടുംബാരോഗ്യ കേന്ദ്രത്തിന് 14 ലക്ഷം രൂപ അനുവദിച്ചു. വെള്ളപ്പൊക്ക ബാധിതമായ കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്തുവാൻ സാധിച്ചിരുന്നില്ല .നിലവിൽ പുതിയ കെട്ടിടത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 143 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>നിർമാണത്തിനായുള്ള നടപടി പുരോഗമിക്കുന്നു |
| 9. | സി.എച്ച് .സി ചമ്പക്കുളം | ചമ്പക്കുളം ഒ.പി ബ്ലോക്കിന്റെ റിട്രോ ഫിറ്റിംഗ് ചെയ്യുന്നതിനായി 58 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നിർമാണം പുരോഗമിക്കുന്നു |
| 10. | വെളിയനാട് സി.എച്ച് .സി | ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിന് 38 ലക്ഷം രൂപ അനുവദിച്ചു. വെള്ളപ്പൊക്ക ബാധിതമായ കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്തുവാൻ സാധിച്ചിരുന്നില്ല.<br>നിലവിൽ പുതിയ കെട്ടിടത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 575 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമാണത്തിനായുള്ള നടപടി പുരോഗമിക്കുന്നു |
| 11. | പുളിങ്കുന്ന് താലൂക് ആസ്ഥാന ആശുപത്രി | പുതിയ ബഹുനില കെട്ടിടം, ആയതിന്റെ ഉപകരണങ്ങൾ , ഫർണിച്ചറുകൾ തുടങ്ങിയവയ്ക്കായി സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളതാണ്. |
| 12 | കണ്ടങ്കരി ഹെൽത്ത് & വെൽനസ്സ് സെന്റർ | DPR നടപടികൾ പുരോഗമിക്കുന്നു |
| 13 | കൈനകരി ഹെൽത്ത് & വെൽനസ്സ് സെന്റർ | DPR നടപടികൾ പുരോഗമിക്കുന്നു |
| 14 | ചെമ്പുംപുറം മെയിൻ ഹെൽത്ത് & വെൽനസ്സ് സെന്റർ സെന്റർ | DPR നടപടികൾ പുരോഗമിക്കുന്നു |

| | | |
|---|---|---|
| 15 | എടത്വ മെയിൻ സെന്റർ ഹെൽത്ത് & വെൽനസ്സ് സെന്റർ | ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു |
| 16 | തകഴി മെയിൻ സെന്റർ ഹെൽത്ത് & വെൽനസ്സ് സെന്റർ | നിർമാണ പ്രവൃത്തി പുരോഗമിക്കുന്നു |
| 17 | വീയപുരം മെയിൻ സെന്റർ | നിർമാണ പ്രവൃത്തി പുരോഗമിക്കുന്നു |
| 18 | മങ്കൊമ്പ് ഹെൽത്ത് & വെൽനസ്സ് സെന്റർ | DPR നടപടികൾ പുരോഗമിക്കുന്നു |
| 19 | ശ്രീമൂലം ഹെൽത്ത് & വെൽനസ്സ് സെന്റർ | ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു |
| 20 | വെളിയനാട് നോർത്ത് ഹെൽത്ത് & വെൽനസ്സ് സെന്റർ | അനുവദിച്ച തുക അപര്യാപ്തമായതിനാൽ പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പുതിയ കെട്ടിട നിർമാണത്തിനായി പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട് . |
| 21 | മുട്ടാർ ഹെൽത്ത് & വെൽ നസ്സ് സെന്റർ | നിർമാണ പ്രവൃത്തി പുരോഗമിക്കുന്നു |
| 22 | ഈര ഹെൽത്ത് & വെൽ നസ്സ് സെന്റർ | നിർമാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 23 | ചെറുകര ഹെൽത്ത് & വെൽനസ്സ് സെന്റർ | നിർമാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 24 | രാമങ്കരി മെയിൻ സെന്റർ ഹെൽത്ത് & വെൽനസ്സ് സെന്റർ | DPR നടപടികൾ പുരോഗമിക്കുന്നു |
| 25 | രാമങ്കരി ഹെൽത്ത് & വെൽനസ്സ് സെന്റർ | നിർമാണ പ്രവൃത്തി പുരോഗമിക്കുന്നു |

Shaila.m

സെക്ഷൻ ഓഫീസർ